


# GOVT. UP SCHOOL KUMBALANGHI

# ACADEMIC MASTER PLAN

# ഗവ. യു പി സ്കൂൾ കുമ്പളങ്ങി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

## I. ആമുഖം

കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് കുമ്പളങ്ങി ഗവ. യു.പി.സ്കൂൾ. പെരുമയാർന്ന സാംസ്കാരിക പാരമ്പര്യമുള്ള കുമ്പളങ്ങി എന്ന ഗ്രാമം കലയ്ക്കും വിദ്യയ്ക്കും വളരെയധികം പ്രോത്സാഹനം നൽകി വരുന്ന ഒരു ഗ്രാമമാണ്. കൊച്ചി നാട്ടുരാജ്യത്തിലെ മറ്റൊരു ഗ്രാമമായ കുമ്പളത്തിന് വിലങ്ങനെയായി വേമ്പനാട്ടു കായലിൽ ഒരു ദ്വീപായി സ്ഥിതിചെയ്യുന്നതിനാൽ കുമ്പളം വിലങ്ങി എന്ന് അറിയപ്പെടുകയും അതുപറഞ്ഞുപറഞ്ഞ് കുമ്പളങ്ങിയാകുകയും ചെയ്തു. ഈ നാടിന്റെ പടിഞ്ഞാറു ഭാഗത്തുള്ള കല്ലഞ്ചേരി പ്രദേശം ബ്രിട്ടീഷ് ഭരണകാലത്ത് മലബാറിൽ ഉൾപ്പെട്ടതായിരുന്നു. ഇവിടെ സൈനിക പരിശീലനം നടത്തിയിരുന്നതായി പറയപ്പെടുന്നു. മതസൗഹാർദ്ദം നിലനിൽക്കുന്നതും, മികച്ച കലാ-സാംസ്കാരിക പാരമ്പര്യം പുലർത്തുന്നതുമായ ഈ ഗ്രാമം വിദ്യാഭ്യാസരംഗത്തും മികച്ച സംഭാവനകൾ നൽകിയിരുന്നു. ഈ വിദ്യാഭ്യാസ പാരമ്പര്യത്തിന് തുടക്കം കുറിച്ചത് പെൺപള്ളിക്കൂടമായി തുടങ്ങിയ ഈ സർക്കാർ വിദ്യാലയമാണ്. പെൺപള്ളിക്കൂടമായി നിലവിലുള്ള വിദ്യാലയത്തിന്റെ എതിർവശത്തുള്ള ചാപ്പലിന്റെ കീഴിലാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് 1909 ൽ പെരുമ്പള്ളി കുടുംബം നൽകിയ സ്ഥലത്ത് സ്കൂളിന്റെ പ്രവർത്തനം തുടങ്ങി. സ്കൂളിന്റെ തെക്ക് ജനതാ റോഡ്, വടക്ക് കുമ്പളങ്ങി ടെലിഫോൺ എക്സ്ചേഞ്ച്, കിഴക്ക് കൈതപ്പുഴ കായൽ, പടിഞ്ഞാറ് സേക്രട്ട് ഹാർട്ട് പള്ളി എന്നിവയാണ് ഉള്ളത്.

സ്ഥല പരിമിതി സ്കൂൾ നേരിടുന്ന ഒരു വലിയ പ്രശ്നമാണ്. മട്ടാഞ്ചേരി സബ്ബ് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ഈ സർക്കാർ വിദ്യാലയത്തിന് ഒരു കളിസ്ഥലം സ്വന്തമായി ഇല്ല എന്നത് ഒരു പോരായ്മയാണ്. കൂടാതെ കാലപ്പഴക്കമുള്ള ആദ്യകാല കെട്ടിടങ്ങൾ ഓട് മേഞ്ഞതായതിനാൽ വർഷകാലത്ത് ചോർച്ച സ്കൂൾ നേരിടുന്ന മറ്റൊരു പ്രശ്നമാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹൈടെക് പദ്ധതിയിൽ പൈലറ്റ് സ്കൂളായി തെരഞ്ഞെടുക്കപ്പെട്ട ഈ സ്കൂളിന് ചോരുന്ന ക്ലാസ്സ് മുറികൾ വലിയൊരു പ്രശ്നമാണ്. സ്കൂളിന്റെ 25 മീറ്റർ ദൂരപരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂൾ ഈ സ്കൂളിന് ഒരു വെല്ലുവിളിയാണ്.

## II. ലക്ഷ്യങ്ങൾ

1. ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചതും സൗജന്യവും ഗുണമേന്മയുള്ളതും ആയ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാലപരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. എൽ.കെ.ജി മുതൽ 7-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
5. വിവിധ ആഘോഷങ്ങളിലും ദിനാചരണങ്ങളിലും അംഗൻവാടികളെകൂടി ഉൾപ്പെടുത്തികൊണ്ട് സ്കൂളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തുക.
6. കായിക പരിശീലനത്തിനായി കളിസ്ഥലം ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ഒരുക്കുക.
7. മൾട്ടിമീഡിയ ക്ലാസ്സ് മുറികൾ

## III. വിദ്യാലയത്തിൻെറ ചരിത്രം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത മഹത് വ്യക്തികളായ ശ്രീ. കോച്ചേരി മരിയാൻ ആൻറണി, ശ്രീ. ജാതവേദ ഷേണായി, ശ്രീ. ജോർജ്ജ് മാളാട്ട് എന്നിവർ ഈ സ്കൂളിൻെറ സ്ഥാപക നേതാക്കളിൽ പ്രമുഖരാണ്. പെൺപള്ളിക്കൂടമായി നിലവിലുള്ള വിദ്യാലയത്തിൻെറ എതിർവശത്തുള്ള ചാപ്പലിൻെറ കീഴിലാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് 1909 ൽ പെരുമ്പിള്ളി കുടുംബം നൽകിയ സ്ഥലത്ത് ഗവൺമെൻറ് എൽ.പി സ്കൂളായി പ്രവർത്തനം തുടങ്ങുകയും പിന്നീട് 1951 ൽ യു.പി ആയി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു.

## IV. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. ഗ്രാമീണ സാഹചര്യത്തിൽ ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും സർക്കാരിന്റെയും, സംഘടനകളുടെയും, സാംസ്കാരിക സന്നദ്ധ സംഘടനകളുടെയും, പൊതുജനങ്ങളുടെയും സഹായ സഹകരണത്തോടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
2. പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും, പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
5. പൊതുസമൂഹത്തെ വിദ്യാലയത്തോട് കൂടുതൽ അടുപ്പിക്കൽ
6. പാഠാനുബന്ധ തുടർപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ കൈത്താങ്ങ് ഉറപ്പാക്കുക.
7. കുട്ടികളിൽ കൗതുകവും, താത്പര്യവും വളർത്തികൊണ്ട് പഠനം സുഗമമാക്കുന്നതിന് ഐ.ടി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
8. തിരഞ്ഞെടുക്കപ്പെട്ട ഹൈടെക് വിദ്യാലയം എന്ന നിലയിൽ മൾട്ടിമീഡിയ ക്ലാസ്സ്മുറികളും അനുബന്ധ സംവിധാനങ്ങളും സജ്ജമാക്കുക.

## V. പദ്ധതിരൂപീകരണ പ്രക്രിയ

1. SRG യോഗത്തിൽ 'വിദ്യാലയ സമഗ്രവികസനം' കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
3. കരട് രൂപരേഖ SRG, SMC, PTA, MPTA, OSA, SDC രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. പി.ടി.എ മനത്യത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

## VI. നിലവിലുള്ള അവസ്ഥാവിശകലനം

<u>ഭൗതികം, നേട്ടങ്ങൾ</u>

സർവ്വശ്രീ ജോർജ്ജ് ഈഡൻ എം.പി, സെബാസ്റ്റ്യൻ പോൾ എം.പി, കെ.വി. തോമസ് എം.പി. എന്നിവരുടെ ഫണ്ടുകളിൽ നിന്ന് അനുവദിച്ച ക്ലാസ്സ്മുറികളും, സ്മാർട്ട് ക്ലാസ്സ്മുറിയും, കമ്പ്യൂട്ടർ ലാബും, നിലവിലുണ്ട്. ഈ കെട്ടിടത്തിൽ തന്നെ വിവിധ ലാബുകളും, ലൈബ്രറിയും, ക്രമീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പുതുക്കിപണിത ഭോജനശാലയും, അടുക്കളയും നിലവിലുണ്ട്. എല്ലാ ക്ലാസ്സ്മുറികളും ടൈൽവിരിച്ചതും വൈദ്യുതീകരിച്ചതുമാണ്.

<u>ഭൗതികം, പോരായ്മകൾ</u>

- ഓഫീസ് മുറി, സ്റ്റാഫ് മുറി, ലാബുകൾ എന്നിവയ്ക്ക് വേണ്ടത്ര സൗകര്യങ്ങളില്ല.
- ആധുനിക ടോയ്‌ലറ്റ് ഇല്ല.
- ആവശ്യത്തിന് കമ്പ്യൂട്ടർ ലഭ്യമല്ല.
- മൾട്ടിമീഡിയ ക്ലാസ്സ്മുറികൾ സജ്ജമാക്കണം.
- നിലവിലുള്ള പ്രൊജക്ടർ റൂമിൽ white board/ screen എന്നിവ ക്രമീകരിക്കേണ്ടതുണ്ട്.
- എല്ലാ ക്ലാസ്സ്മുറികളും ഹൈടെക് നിലവാരത്തിലേക്കുയർത്തണം.
- ലഭ്യമായ നാലായിരത്തോളം പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള ചില്ല് അലമാരകൾ ഇല്ല.
- ശിശു സൗഹൃദ ഫർണിച്ചറുകൾ ലഭ്യമാക്കണം
- പ്രീ – പ്രൈമറി ക്ലാസ്സ്മുറികൾ തികച്ചും ശിശു സൗഹൃദമാക്കുവാൻ ആവശ്യത്തിന് പഠനോപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കേണ്ടതുണ്ട്.
- വിശാലമായ കളിസ്ഥലം ലഭ്യമാക്കേണ്ടതുണ്ട്.
- സ്കൂൾ കോമ്പൗണ്ടിൽ തെക്കുപടിഞ്ഞാറെ മൂലയിൽ ഓപ്പൺ സ്റ്റേജ് വേണം.
- ഓടിട്ട കെട്ടിടങ്ങളുടെ സീലിംങ് ഭാഗികമായി തകർന്ന നിലയിലാണ്. ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ട്.

**അക്കാദമികം - നേട്ടങ്ങൾ**

- ❖ മിക്കവാറും വർഷങ്ങളിൽ LSS USS സ്കോളർഷിപ്പുകൾ നേടാറുണ്ട്.
- ❖ കമ്പ്യൂട്ടർ പഠനത്തിൽ മികച്ച നിലവാരം പുലർത്തുന്നു.
- ❖ കായിക മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാറുണ്ട്.
- ❖ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തി പരിചയമേളകളിലെ നിറസാന്നിദ്ധ്യം
- ❖ മികച്ച സ്കൂൾ അസംബ്ലി
- ❖ കമ്പ്യൂട്ടർ ലാബ്, ലബോറട്ടറി, സ്മാർട്ട് ക്ലാസ്സ്മുറി ഇവ പ്രയോജനപ്പെടുത്തിയുള്ള കാര്യക്ഷമമായ ക്ലാസ്സുകൾ

**അക്കാദമികം - പരിമിതികൾ**

- ❖ മത്സര പരീക്ഷകളിൽ മികവ് വർദ്ധിപ്പിക്കേണ്ടതുണ്ട്.
- ❖ സ്വതന്ത്രവും, സ്വാഭാവികവുമായ ഭാഷാശേഷി വികസനം സാദ്ധ്യമാക്കണം
- ❖ ലൈബ്രറി, ലാബ് എന്നിവയുടെ സാദ്ധ്യതകൾ കൂടുതലായി അക്കാദമിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം
- ❖ പ്രകൃതിയിലേക്ക് കണ്ണുതുറക്കുക, പ്രകൃതിയോടിണങ്ങി ജീവിക്കുക എന്നി ആശയങ്ങളെ മുൻനിർത്തി പഠന പ്രവർത്തനങ്ങളും പഠനയാത്രകളും തുടർന്നും സംഘടിപ്പിക്കണം

## VII. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • കളിസ്ഥലം | • പി.ടി.എ ശക്തിപ്പെടുത്തൽ |
| • ഗണിതശേഷി വികസനം | • ചിൽഡ്രൻസ് പാർക്ക് | • എസ്.എം.സി കാര്യക്ഷമമാക്കൽ |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • ക്ലാസ്സ് മുറികൾ | • വിദ്യാലയ വികസനസമിതി |
| • ശാസ്ത്ര പോഷണ പരിപാടി | • ഓഫീസ് മുറി | • പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • വായനാ പരിപോഷണം | • സ്റ്റാഫ് മുറി | • എസ്.എസ്.ജി |
| • ലൈബ്രറി ശാക്തീകരണം | • വിശ്രമ മുറി | • എൽ.എസ്.ജി ബന്ധം |
| • ലബോറട്ടറി ആധുനികവത്കരിക്കൽ | • കമ്പ്യൂട്ടർ റൂം | |

| | | |
|---|---|---|
| • ജൈവവൈവിധ്യ പാർക്ക്<br>• സാഹിത്യ പോഷണപരിപാടികൾ<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• കലാകായികമേള<br>• ഐ.ടി പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ്സ് പി.ടി.എ സജീവമാക്കൽ<br>• സ്കൂൾ പത്രം / മാസിക<br>• പ്രവൃത്തി പരിചയപഠനം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• രചനാശില്പശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• ഒറിഗാമി ശില്പശാല<br>• ഗണിതലാബ്,ഗണിതാന്തരീക്ഷം ഒരുക്കൽ<br>• ഭാഷാലാബ്<br>• ബാല<br>• ശ്രദ്ധ<br>• മലയാളത്തിളക്കം<br>• റോഷ്നി<br>• ഹിന്ദി ഭാഷാവികസനം | • മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• ടോയ്‌ലെറ്റ്<br>• ലബോറട്ടറി<br>• ജന്മദിനത്തിനൊരു പുസ്തകം<br>• ചിത്രരചന<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• ഭാഷോത്സവം<br>• ശാസ്ത്രോത്സവം<br>• ഹിന്ദിമേള | • ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ<br>• സഹകരണ സ്ഥാപനങ്ങൾ, വ്യവസായഗ്രൂപ്പുകൾ. എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ്സ് പി.ടി.എ മാതൃകാപരം ആക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ<br>• പഠനക്കൂട്ടം<br>• പ്രാദേശിക പി.ടി.എ<br>• ഭവനസന്ദർശനം<br>• കോർണർ പി.ടി.എ |

# ഹ്രസ്വകാല പദ്ധതികൾ

പ്രവർത്തനം 1

പേര് ദിനാചരണങ്ങൾ

ഉപമേഖല സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | — |

പ്രവർത്തനം 2

പേര് ഒറിഗാമി ശില്പശാല

ഉപമേഖല അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കൽ, അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി<br>ഒ. എസ്. എ | 1000/-<br>ഒ. എസ്. എ |

പ്രവർത്തനം 3

പേര് ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല / ഉപമേഖല അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിതക്ലബ്ബ് | — |

പ്രവർത്തനം 4

പേര് ശാസ്ത്രലാബ് നവീകരിക്കൽ

ഉപമേഖല അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ഉപകരണങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | — |

പ്രവർത്തനം 5

പേര് ശാസ്ത്രപോഷണ പരിപാടി

ഉപമേഖല അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/- (എസ്.എസ്.ജി) |

പ്രവർത്തനം 6

പേര് ശാസ്ത്രയാത്രകൾ (Field Trips)

ഉപമേഖല അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിന് ഉള്ള പഠനയാത്രകൾ | പ്രതിവർഷം മൂന്ന് യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ | 15000/- (ഒ.എസ്.എ) |

പ്രവർത്തനം 7

പേര് മേളകൾ

ഉപമേഖല അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ ഫണ്ട്) |

പ്രവർത്തനം 8

പേര് സാമൂഹ്യശാസ്ത്ര ലാബ്

ഉപമേഖല അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (പി.ടി.എ) |

പ്രവർത്തനം 9

പേര് പഠനയാത്രകൾ

ഉപമേഖല അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | 10000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 10

പേര് ഡിബേറ്റ് ക്ലബ്ബ്

ഉപമേഖല അക്കാദമികം/സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെകുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ് പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | എസ്.ആർ.ജി | 5000/- (എസ്.ഡി.സി) |

പ്രവർത്തനം 11

പേര് സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

ഉപമേഖല അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര വായനാകോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 12

പേര് ബുള്ളറ്റിൻ ബോർഡ്

ഉപമേഖല അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥി കൾക്കും വായിക്കുവാൻ സൗകര്യപ്രദ മായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 2000/- (പി.ടി.എ) |

പ്രവർത്തനം 13

പേര് രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ

ഉപമേഖല അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹിന്ദി ക്ലബ്ബ് | 3000/- (എസ്.എസ്.ജി) |

പ്രവർത്തനം 14

പേര് കായിക പരിശീലനം

ഉപമേഖല അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | പി.ടി.എയുടെ ക്ലാസ്സ് സമയങ്ങളിൽ കായിക പരിശീലനം, കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ രണ്ടു ദിവസം | പി.ടി.എ കായിക അദ്ധ്യാപകൻ | 10000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 15

പേര് കായിക താരങ്ങൾക്ക് അവാർഡ് / സമ്മാനങ്ങൾ

ഉപമേഖല അക്കാദമികം/ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ് /സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോതലത്തിലെയും മത്സരങ്ങൾക്കു ശേഷം | എച്ച്.എം കായിക അദ്ധ്യാപകൻ | 5000/- |

പ്രവർത്തനം 16

പേര് മെഡിക്കൽ ക്യാമ്പ്

ഉപമേഖല അക്കാദമികം/ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം പി.ടി.എ | 10000/- (പി.ടി.എ) |

പ്രവർത്തനം 17

പേര് പച്ചക്കറിത്തോട്ടം

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി എസ്.എസ്.ജി | 5000/- (കൃഷി വകുപ്പ്) |

പ്രവർത്തനം 18

പേര് ജൈവ വൈവിധ്യപാർക്ക്

മേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | സ്കൂളിലെ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി | 10000/- (എസ്.എസ്.എ) |

പ്രവർത്തനം 19

പേര് പോഷകാഹാര പരിപാടി

മേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ഥ മെനുവെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം, പി.ടി.എ | 50000/- |

പ്രവർത്തനം 20

പേര് ജന്മദിനത്തിനൊരു പുസ്തകം നൽകൽ

മേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുക | എല്ലാ ജന്മ ദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ ക്ലാസ്സ് ലീഡർ | |

പ്രവർത്തനം 21

പേര് ക്ലാസ്സ് പി.ടി.എ സജീവമാക്കൽ

മേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, നടത്തിപ്പ് ചുമതല കുട്ടികളെയും ക്ലാസ്സ് പി.ടി.എ ഭാരവാഹികളെയും ചുമതലപ്പെടുത്തികൊണ്ട് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, ഉല്പന്നങ്ങളുടെ പ്രദർശനം, പൊതുചർച്ച, ഡോക്യുമെന്റേഷൻ | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | — |

പ്രവർത്തനം 22

പേര് മലയാളത്തിളക്കം, ശ്രദ്ധ

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ ഭാഷാനൈപുണ്യം വളർത്തുക. ശാസ്ത്ര വിഷയങ്ങളിലെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുക. | എല്ലാകുട്ടികൾക്കും L.S.R.W ന് പ്രാധാന്യം നൽകി പ്രത്യേക ക്ലാസ്സുകൾ നൽകുക (അധികസമയം) ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, ഗണിതവി-ഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠനാന്തരീക്ഷം ഒരുക്കുക | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ്സ് അധ്യാപകർ, വിഷയാധ്യാപകർ | — |

പ്രവർത്തനം 23

പേര് നാടകക്കളരി

ഉപമേഖല ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യ വേദി | — |

പ്രവർത്തനം 24

പേര് അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.എസ്.എ | 10000/- (പി.എസ്.എ) |

പ്രവർത്തനം 25

പേര് ഇംഗ്ലീഷ് അസംബ്ലി

മേഖല ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം കുട്ടികളുടെ ഇംഗ്ലീഷ്അസംബ്ലി. പ്രാർത്ഥന മുതൽ എല്ലാ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | — |

പ്രവർത്തനം 26

പേര് ഇംഗ്ലീഷ് ഡയറി

മേഖല ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും സ്കൂളിലും വീട്ടിലും ഉണ്ടായ വിശേഷങ്ങൾ ഡയറിയിൽ രേഖപ്പെടുത്തുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപകർ | — |

പ്രവർത്തനം 27

പേര് ഗ്രാമർ സ്കൂൾ

ഉപമേഖല ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഭാഷയുപയോഗിക്കുവാൻ കഴിവു നേടൽ | അവധിദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | 5000/- (പൂർവ്വ വിദ്യാർത്ഥി സംഘടന) |

പ്രവർത്തനം 28

പേര് പദപ്രശ്ന നിർമ്മാണം

ഉപമേഖല ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെ ഉള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | — |

പ്രവർത്തനം 29

പേര് ഇംഗ്ലീഷ് കോർണർ

ഉപമേഖല ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ്മുറികളിൽ ഇംഗ്ലീഷ്പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കുട്ടികൾക്ക് കാണാവുന്നവിധത്തിൽ ഒരു പൊതു സ്ഥലത്ത് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | — |

പ്രവർത്തനം 30

പേര് സർഗ്ഗസല്ലാപം

ഉപമേഖല ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം & പി.ടി.എ | — |

പ്രവർത്തനം 31

പേര് രചനാ ശില്പശാല

ഉപമേഖല മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ് / കവിയരങ്ങ് / രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ്സ്മുറിയിലെ പഠന സാമഗ്രിയായി മെച്ചപ്പെട്ട ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 32
പേര് ഗ്രന്ഥശാല ശാക്തീകരണം
ഉപമേഖല ഭാഷാ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം പി.ടി.എ ലൈബ്രേറിയൻ | 2000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 33
പേര് എംബ്ലപുരാണം
മേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങൾ, വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ പരിചയപ്പെടൽ | നമ്മുടെ നാട്ടിലെ വിവിധ പൊതു മേഖലാ സ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ എംബ്ലം, ഓരോ എംബ്ലവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം തിരിച്ചറിഞ്ഞ് അതിന്റെ | 2nd Term | പി.ടി.എ. | — |

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ എഴുതി തയ്യാറാക്കുന്നു. | | | |

പ്രവർത്തനം 34

പേര് ഓർഗാനിക് ഫുഡ് ഫെസ്റ്റ്

മേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയ നാടൻ ഭക്ഷണം പരിചയപ്പെടൽ | നാടൻ പലഹാരങ്ങളും മറ്റ് വിഭവങ്ങളും അതിന്റെ റെസിപ്പിയും മുതിർന്നവരിൽ നിന്ന് മനസ്സിലാക്കി ശേഖരിപ്പെടുത്തുന്നു. വിഭവങ്ങൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം ഒരു പ്രാവശ്യം | MPTA | PTA |

## മധ്യകാല പദ്ധതികൾ

പ്രവർത്തനം 35

പേര് ബയോഗ്യാസ് പ്ലാന്റ്

മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 1 വർഷം | പി.ടി.എ ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം (ഗ്രാന്റ്) |

പ്രവർത്തനം 36

പേര് പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ, അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കൽ | 2 വർഷം | പി.ടി.എ | 10000/- |

പ്രവർത്തനം 37

പേര് ഓഫീസ് ഡിജിറ്റലൈസേഷൻ

മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയാവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കൽ | 2 വർഷം | എച്ച്.എം എസ്.ആർ.ജി കൺവീനർ | 3 ലക്ഷം |

പ്രവർത്തനം 38

പേര് മാലിന്യ സംസ്കരണം

മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്.ജി | 1 ലക്ഷം |

പ്രവർത്തനം 39

പേര് ജനറേറ്റർ സ്ഥാപിക്കൽ

മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈ-ടെക് ക്ലാസ്സ് റും എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ | 1 വർഷം | പി.ടി.എ | 10 ലക്ഷം (എം.പി.ഫണ്ട്) |

പ്രവർത്തനം 40

പേര്  പൂർവ്വാദ്ധ്യാപക സംഗമം

മേഖല  സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10000/- (സ്റ്റാഫ് ഫണ്ട്) |

പ്രവർത്തനം  41

പേര്  അങ്കണവാടി കലോത്സവം

മേഖല  സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ, നവാഗതരാ കേണ്ടവർക്ക്വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പിടിഎ | 10000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം  42

പേര്  ഹരിതഗ്രാമം

മേഖല  സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽ മരങ്ങൾ വച്ചുപിടിപ്പിക്കൽ, സമീപത്തെ ക്ലബ്ബുകൾ, വായന ശാലകൾ തുടങ്ങിയവയെ പദ്ധതി യിൽ പങ്കെടുപ്പിക്കാം | വർഷത്തിൽ ഒരു പ്രാവശ്യം | പിടിഎ സ്കൂൾ പാർലമെന്റ് | 10000/- (സംഭാവന) |

പ്രവർത്തനം  43

പേര്  പൊതിച്ചോറ്

മേഖല സാമൂഹികം / ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ ജീവനക്കാർ ഭക്ഷണ പ്പൊതികൾ കൊണ്ടുവരുകയും അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് ഉച്ചഭക്ഷണമായി എത്തിച്ചുകൊടുക്കൽ | വർഷത്തിൽ മൂന്നു പ്രാവശ്യം | എസ്.ആർ.ജി | — |

## ദീർഘകാല പദ്ധതികൾ

പ്രവർത്തനം 44
പേര് പുതിയ മന്ദിരം
മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യം ഒരുക്കി അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | ഓഫീസ്മുറി, സ്റ്റാഫ് റൂം, ക്ലാസ്സ് മുറികൾ തുടങ്ങിയവ ഹൈടെക് നിലവാരത്തിലാക്കുക | | പൊതു വിദ്യാഭ്യാസ വകുപ്പ് | .75 ലക്ഷം |

പ്രവർത്തനം 45
പേര് കിഡ്സ് പാർക്ക്
മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ, കായിക, വിനോദ ഉപാധി ഒരുക്കൽ | പ്രീപ്രൈമറിക്ക് പ്രയോജനപ്പെടുത്താവുന്ന തരത്തിലുള്ള കിഡ്സ് പാർക്ക് സ്കൂൾ മുറ്റത്ത് ഒരുക്കുക | രണ്ടാം മൂന്നാം വർഷം | പൊതു വിദ്യാഭ്യാസ വകുപ്പ് | LSG |

പ്രവർത്തനം 46

പേര് മൈതാന നിർമ്മാണം

മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലുമേർപ്പെടാൻ കഴിയുന്നവിധത്തിൽ സൗകര്യങ്ങൾ ഒരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | രണ്ട് വർഷം | പി.ടി.എ<br>എൽ.എസ്.ജി.ഡി | 1കോടി<br>(പഞ്ചായത്ത്) |

പ്രവർത്തനം 47

പേര് സ്റ്റാഫ് റൂം നിർമ്മാണം

മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | ജീവനക്കാർക്ക് പ്രത്യേകം ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ വിശാലമായ സ്റ്റാഫ് റൂം ഒരുക്കൽ | ഒരു വർഷം | പി.ടി.എ | 6 ലക്ഷം<br>(പൊതു വിദ്യാഭ്യാസ വകുപ്പ്) |

പ്രവർത്തനം 48

പേര് കുടിവെള്ള വിതരണം

മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം ടാങ്കിൽ നിന്നും ടോയ്ലറ്റ്, വാഷ്ബേസ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ | ഒരു വർഷം | പി.ടി.എ | 800000/- |

പ്രവർത്തനം 49

പേര് വാഹനഷെഡ്

മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായ വാഹന പാർക്കിംഗ് | കെട്ടിടത്തിനു സമീപം വാഹനഷെഡ് നിർമ്മിക്കൽ | ഒരു വർഷം | എൽ.എസ്.ജി.ഡി | 200000/- (MLA Fund) |

## പ്രതീക്ഷിത നേട്ടങ്ങൾ

- ❖ വിദ്യാലയ പ്രവർത്തനങ്ങൾ സമൂഹവുമായി പങ്കുവെയ്ക്കുന്നു.
- ❖ കുട്ടികളുടെ പ്രവേശന നിരക്ക് കൂടുന്നു.
- ❖ വിദ്യാലയം മികവിന്റെ കേന്ദ്രമാകുന്നു.
- ❖ ശിശു സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നു.
- ❖ മതനിരപേക്ഷ സമൂഹത്തെ നിലനിർത്തുന്നു.
- ❖ വിദ്യാഭ്യാസ രംഗത്തെ ഗുണപരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.
- ❖ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം സാധ്യമാകുന്നു.
- ❖ കുട്ടികളുടെ ശാരീരിക, മാനസിക, കായിക വികസനത്തിലൂടെ സമഗ്രവികസനം സാധ്യമാക്കുന്നു.

## മോണിറ്ററിംഗ് രീതി

- ❖ വിദ്യാഭ്യാസ വകുപ്പിന്റെ മോണിറ്ററിംഗ്

- [illegible]
- PTA [illegible]

## ഉപസംഹാരം

പൊതു വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനും, ശാക്തീകരിക്കുന്നതിനുമായി വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഏവരും ആവേശത്തോടെ സ്വീകരിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ ഗുണതയും തുല്യതയും എന്ന പൊതു പ്രമേയത്തിൻെറ ചട്ടക്കൂടിൽ നിന്നു കൊണ്ട് വിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളാക്കുന്നതിന് സഹായകമായ ഹ്രസ്വകാല, മധ്യകാല, ദീർഘകാല പദ്ധതികൾ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി കോർത്തിണക്കി തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമസ്ത വിദ്യാഭ്യാസ സാംസ്കാരിക വിചക്ഷണൻമാരുടെയും സഹായ സഹകരണത്തോടെ നടപ്പാക്കി സ്കൂളിനെ മികവിൻെറ കേന്ദ്രമാക്കി മാറ്റുവാൻ സാധിക്കും എന്ന പൂർണ വിശ്വാസത്തോടെ സവിനയം സമർപ്പിക്കുന്നു.